"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ഇലക്ഷൻ വകുപ്പ് - കേരള നിയമസഭാ പൊതുതിരഞ്ഞെടുപ്പ് 2026 - അച്ചടിയ്ക്കായി വിവിധയിനം പേപ്പറുകൾ വാങ്ങുന്നതിനു ഭരണാനുമതി നൽകി- ഉത്തരവ് പുറപ്പെടുവിക്കുന്നു.

**ഇലക്ഷൻ (എക്യുപ്പ്മെന്റ്) വകുപ്പ്**

സ.ഉ.(സാധാ) നം.689/2025/ELEC തീയതി,തിരുവനന്തപുരം, 23-12-2025

പരാമർശം:-

1. 04.12.2025 തീയതിയിൽ ചേർന്ന അവലോകന യോഗത്തിന്റെ നടപടികുറിപ്പുകൾ.
2. അച്ചടി വകുപ്പ് ഡയറക്ടറുടെ 10.12.2025-ലെ PTGD/4102/2025-G7 നമ്പർ കത്ത്.
3. സ്റ്റേഷനറി കൺട്രോളറുടെ 22.12.2025-ലെ STY/1421/2025-C3 നമ്പർ കത്ത്.

**ഉത്തരവ്**

കേരള നിയമസഭയിലേക്ക് 2026-ൽ നടക്കുന്ന പൊതുതിരഞ്ഞെടുപ്പിന് ആവശ്യമായ ഫാറങ്ങൾ, കവറുകൾ, ബാലറ്റ് പേപ്പറുകൾ എന്നിവയുടെ അച്ചടിയുമായി ബന്ധപ്പെട്ട് മുഖ്യ തിരഞ്ഞെടുപ്പ് ഓഫീസറുടെ അദ്ധ്യക്ഷതയിൽ 04.12.2025 തീയതിയിൽ ചേർന്ന അവലോകന യോഗത്തിൽ, മേൽ പരാമർശം ഒന്ന് പ്രകാരം കൈക്കൊണ്ട തീരുമാനങ്ങളുടെ അടിസ്ഥാനത്തിൽ അച്ചടിക്കേണ്ട ഫാറങ്ങൾ, കവറുകൾ, ബാലറ്റ് പേപ്പറുകൾ എന്നിവയുടെ എണ്ണം കണക്കാക്കി ആവശ്യമായ വിവിധയിനം പേപ്പറുകളുടെ കണക്ക് പരാമർശം രണ്ട് പ്രകാരം അച്ചടി വകുപ്പ് ഡയറക്ടർ സ്റ്റേഷനറി കൺട്രോളറെ അറിയിക്കുകയുണ്ടായി.

2) തുടർന്ന്, സ്റ്റോർ പർച്ചേസ് മാനുവൽ പ്രകാരം ഇ-ടെണ്ടർ ക്ഷണിച്ച് പ്രസ്തുത ഇനം പേപ്പറുകൾ ആവശ്യപ്പെട്ട അളവിൽ വാങ്ങി സംഭരിക്കുന്നതിന് 6,00,00,000/- രൂപയുടെ (ആറ് കോടി രൂപ മാത്രം) ഭരണാനുമതി ഉത്തരവ് പുറപ്പെടുവിക്കണമെന്ന് പരാമർശം മൂന്ന് പ്രകാരം സ്റ്റേഷണറി കൺട്രോളർ അഭ്യർത്ഥിക്കുകയുണ്ടായി.

3) സർക്കാർ ഈ വിഷയം പരിശോധിച്ചു. കേരള നിയമസഭയിലേക്ക് 2026-ൽ നടക്കുന്ന പൊതുതിരഞ്ഞെടുപ്പിന് ആവശ്യമായ ഫാറങ്ങൾ, കവറുകൾ, രജിസ്റ്ററുകൾ, ബാലറ്റ് പേപ്പറുകൾ എന്നിവയുടെ അച്ചടിയ്ക്കാവശ്യമായ വിവിധ തരം പേപ്പറുകൾ സ്റ്റോർ പർച്ചേസ് മാനുവൽ പ്രകാരം ഇ-ടെണ്ടർ ക്ഷണിച്ച് വാങ്ങുന്നതിന് സ്റ്റേഷനറി കൺട്രോളർ പരാമർശം മൂന്ന് പ്രകാരം സമർപ്പിച്ച ശുപാർശയുടെ അടിസ്ഥാനത്തിൽ 6,00,00,000/- രൂപയുടെ (ആറ് കോടി രൂപ മാത്രം) ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു. പ്രസ്തുത തുക "2015-00-106-99-34-03-OC" എന്ന ശീർഷകത്തിൽ നിന്നും വകയിരുത്താവുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ഡോ.രത്തൻ യു കേൽകർ ഐ എ എസ്

CHIEF ELECTORAL OFFICER & SECRETARY

കൺട്രോളർ ഓഫ് സ്റ്റേഷനറി, തിരുവനന്തപുരം.

ഡയറക്ടർ ഓഫ് പ്രിന്റിംഗ്, തിരുവനന്തപുരം.

സൂപ്രണ്ട് ഓഫ് ഗവെർന്മെന്റ് പ്രസ്സസ്സ്, തിരുവനന്തപുരം.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ &ഇ) / (ജി.എസ്.എസ്.എ), കേരളം.

അക്കൗണ്ടന്റ് ജനറൽ (ഇ.ആർ.എസ്.എ), കേരളം.

സബ് ട്രഷറി ഓഫീസർ, സെക്രട്ടേറിയറ്റ് സബ്-ട്രഷറി, തിരുവനന്തപുരം.

വിവര-പൊതുജന സമ്പർക്ക വകുപ്പ് (ഔദ്യോഗിക വെബ്സൈറ്റിൽ അപ്‌ലോഡ് ചെയ്യുന്നതിന്)

ഇലക്ഷൻ (അക്കൗണ്ട്സ്) വകുപ്പ്.

കരുതൽ ഫയൽ / ഓഫീസ് കോപ്പി (EE3/58/2025/ELEC Part-1)

പകർപ്പ്- ചീഫ് ഇലക്ടറൽ ഓഫീസറുടെ പി.എ യ്ക്ക്.

ഉത്തരവിൻ പ്രകാരം

Signed by
Sreekanth. K. S
Date: 24-12-2025 10:29:22

സെക്ഷൻ ഓഫീസർ